കശുവണ്ടി മേഖലയിലുള്ള ഈ സമരം തീർക്കണമെന്നുള്ള ഉദ്ദേശത്തിലാണ് ഇന്നലെ ചർച്ചയിൽ പങ്കെടുത്തത്. പ്രതിപക്ഷ നേതാവും കൂടി ഇക്കാര്യത്തിൽ ഇടപെട്ടതാണ്. സമരം തീർക്കണമെന്ന് അദ്ദേഹവും കൂടി എന്നോട് ആവശ്യപ്പെട്ടതാണ്. അതിന്റെ വെളിച്ചത്തിൽ ഇന്നലെ ചർച്ച നടന്നു. ഇന്നലെ ചർച്ച നടക്കാനിരിക്കുമ്പോഴാണ് ഇന്നലെ രാവിലെ സത്യാഗ്രഹം തുടങ്ങിയത്. മിനിഞ്ഞാന്ന് ശ്രീ. സുപാൽ ഈ പ്രശ്നം ഇവിടെ ഉന്നയിച്ചതാണ്. ദയവായി സത്യാഗ്രഹം ആരംഭിക്കരുത് ചർച്ച വച്ചിരിക്കയാണ് എന്നു പറഞ്ഞതാണ്. അതിനുശേഷം തീരുമാനിക്കാമെന്ന് പറഞ്ഞതാണ്. അതുപോലും കേൾക്കാതെയാണ് സത്യാഗ്രഹം ആരംഭിച്ചത്. ഇനി എന്ത് ചർച്ച? മൂന്നു മണിക്കൂർ ചർച്ച ചെയ്തു. ഗവൺമെന്റിനെക്കൊണ്ട് ചെയ്യാവുന്ന നിലയിൽ എല്ലാം ചെയ്തിട്ടുണ്ട്.

(8) ഗവൺമെന്റ് കോളേജുകളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ അധ്യാപക-പ്രിൻസിപ്പൽമാരെ നിയമിക്കണമെന്ന ആവശ്യം

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: കേരളത്തിലെ ഗവൺമെന്റ് കോളേജുകളിൽ 500-ഓളം പോസ്റ്റുകളിൽ ഗവൺമെന്റ് അധ്യാപകൻമാരുടെ നിയമനം ഇതുവരെ ഉണ്ടായിട്ടില്ല. കൊല്ലങ്ങളായി ഒഴിച്ചിട്ടിരിക്കുകയാണ്. നല്ലതുപോലെ യോഗ്യരാ സമ്പാദിച്ചിട്ടുള്ള അഭ്യസ്തവിദ്യരായ യുവതീയുവാക്കളുള്ള കേരളത്തിൽ അർഹരായിട്ടുള്ള യുവതീയുവാക്കളായ ആളുകളെ ഇതുവരെ നിയമിച്ചിട്ടില്ല. അതുപോലെ 35 പ്രിൻസിപ്പൽ പോസ്റ്റ്, കോളേജ് അധ്യാപകൻമാരിൽനിന്നും പ്രൊമോഷന്റെ അടിസ്ഥാനത്തിൽ എടുക്കേണ്ട പ്രിൻസിപ്പൽ പോസ്റ്റും ഒഴിഞ്ഞുകിടക്കുകയാണ്. അതുപോലെ ഡെപ്യൂട്ടി ഡയറക്ടറുടെയും പോസ്റ്റ് ഒഴിഞ്ഞുകിടക്കുകയാണ്. ഗവൺമെന്റ് കോളേജുകളെ ഇത്തരത്തിൽ അനാഥമായി തള്ളുന്നു. അതുപോലെ ഗവൺമെന്റ് കോളേജുകൾക്ക് ആവശ്യമായ കോഴ്സുകൾ കൊടുക്കുന്നില്ല. ഇത്തരത്തിൽ അധ്യാപക നിയമനം പ്രിൻസിപ്പൽ നിയമനം, അഡീഷണൽ ഡയറക്ടറുടെ നിയമനം, ഇതെല്ലാം അവഗണിച്ചു തള്ളുമ്പോൾ ഏതെങ്കിലും കോഴ്സ് കൊടുക്കുന്നതിനുള്ള നിലപാടെടുക്കുന്നുണ്ടോ? അതും ഇല്ല. ഗവൺമെന്റ് കോളേജുകൾ അനാഥമായി തള്ളുക എന്നുള്ളത് ഗവൺമെന്റിന്റെ ഒരു നയമായി തുടരുകയാണ്. അതേ അവസരത്തിൽ സ്വാശ്രയ കോളേജുകൾക്ക് വാരിക്കോരി കോഴ്സുകൾ കൊടുത്തു. ഇത്തരത്തിൽ ഗവൺമെന്റ് കോളേജുകളോടുള്ള വിവേചനപരമായ സമീപനം അവസാനിപ്പിക്കണം. ഒഴിഞ്ഞ് കിടക്കുന്ന തസ്തികകൾ എല്ലാം തന്നെ കഴിയുന്നത്ര വേഗം പൂരിപ്പിക്കണം. അങ്ങനെ ഗവൺമെന്റ് കോളേജുകളുടെ അന്തസ്സ് പരിപാലിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)*: ഗവൺമെന്റ് കോളേജുകളോട് പരമാവധി ഗുണകരമായ നിലപാടാണ് ഗവൺമെന്റ് എടുക്കുന്നത്. പ്രതിപക്ഷ നേതാവ് പറയുന്നത് ശരിയല്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം കഴിഞ്ഞ വർഷം ഗവൺമെന്റ് കോളേജുകൾക്ക് 22 പുതിയ കോഴ്സുകൾ കൊടുത്തു. അതുപോലെ ഗവൺമെന്റ് കോളേജുകളുടെ നവീകരണത്തിനുവേണ്ടി ധാരാളം പദ്ധതികൾ ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം അഫിലിയേഷൻ ഇല്ലാതിരുന്ന പതിമൂന്നോളം കോളേജുകൾക്ക് 13 (ബി) അഫിലിയേഷനും ഈ ഗവൺമെന്റ് ഇടപെട്ട് അവർക്ക് യു.ജി.സി.-യുടെ പെർമനന്റ് അഫിലിയേഷനും നൽകി. അതുകൊണ്ട് അവർക്ക് ഗ്രാന്റൊക്കെ കിട്ടാനുള്ള സാഹചര്യം വന്നിരിക്കുന്നു. ഗവൺമെന്റ് കോളേജുകളുടെ കാര്യത്തിൽ വളരെ താൽപര്യമാണ് ഗവൺമെന്റിനുള്ളത്. ഇക്കാര്യത്തിൽ തുടർന്ന് ചെയ്യാൻ കഴിയുന്നത് ചെയ്യാം. പ്രിൻസിപ്പൽമാരുടെ നിയമനത്തിന്റെ കാര്യത്തിൽ ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടിയിട്ടേ ചെയ്യാൻ കഴിയൂ. കഴിഞ്ഞ 7-ാം തീയതി ഡി.പി.സി. കൂടിയിരുന്നു. അതിന്റെ ജോലികൾ മുഴുവൻ കഴിഞ്ഞു. ഏറി വന്നാൽ ഒരാഴ്ചയ്ക്കുള്ളിൽ പ്രിൻസിപ്പൽമാരുടേയും ഡെപ്യൂട്ടി ഡയറക്ടർമാരുടേയും പോസ്റ്റ് ഫില്ലപ്പ് ചെയ്യാൻ കഴിയും. ഗവൺമെന്റ് ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

V റിപ്പോർട്ട് സമർപ്പണം

(1) 2005-ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ (അമെന്റ്മെന്റ്) ബിൽ

മരാമത്ത് വകുപ്പുമന്ത്രി ശ്രീ. എം. കെ. മുനീറിനുവേണ്ടി ഗതാഗത വകുപ്പുമന്ത്രി *(ശ്രീ. എൻ. ശക്തൻ)*: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ (അമെന്റ്മെന്റ്) ബിൽ ഞാൻ സമർപ്പിക്കുന്നു.

(2) 2005-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫയർ ഫണ്ട് (അമെന്റ്മെന്റ്) ബിൽ

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി *(ശ്രീ. അടൂർ പ്രകാശ്)*: 2005-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫയർ ഫണ്ട് (അമെന്റ്മെന്റ്) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly